**<u>വിദേശകാര്യ- അന്താരാഷ്ട്ര വികസന മന്ത്രിയുടെ ഇന്ത്യാ സന്ദർശനം (30 ജൂണ് - 01 ജൂലൈ , 2014 )</u>**

ജൂൺ 27, 2014

ഫ്രാൻസിലെ ആദരണീയനായ വിദേശകാര്യ - അന്താരാഷ്ട്ര വികസന മന്ത്രി ഹിസ് എക്സലൻസി ശ്രീ ലോറന്റ് ഫാബിയസ് ഔദ്യോഗിക സന്ദർശനത്തിനു ജൂണ് 30 മുതൽ ജൂലൈ ഒന്ന് വരെ (30 ജൂണ് - 01 ജൂലൈ , 2014 ) ഇന്ത്യ സന്ദർശിക്കുന്നു . ഇതിനു മുൻപ് ഫെബ്രുവരി 2013 ല് പ്രസിഡന്റ് ഹോളന്റ് ഔദ്യോഗിക സന്ദർശനത്തിനു ഇന്ത്യയിൽ വന്നപ്പോൾ ശ്രീ ഫാബിയാസ് കൂടെ വന്നിരുന്നു .

ന്യൂഡെൽഹിയിലെ വാസത്തിനിടയില് ഫ്രാൻസ് വിദേശകാര്യ മന്ത്രി, കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജുമായി ചർച്ചകള് നടത്തും. ഇരു വിഭാഗങ്ങളും പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി, മേഖലാ , ആഗോള വിഷയങ്ങൾ ചർച്ച ചെയ്യും. ശ്രീ ഫാബിയാസ് ഇന്ത്യയുടെ ആദരണീയനായ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡിയുമായും ആദരണീയനായ പ്രതിരോധ - സാമ്പത്തിക മന്ത്രി ശ്രീ അരുൺ ജെയ്റ്റ്ലി എന്നിവരുമായും കൂടിക്കാഴ്ച നടത്തും. സന്ദർശനത്തിന്റെ ഭാഗമായി ഒന്നിലധികം കാര്യങ്ങൾ അദ്ദേഹം ചെയ്യുവാന് ഉദ്ദേശിക്കുന്നുണ്ട് .

ഇന്ത്യയും ഫ്രാൻസും തമ്മില് ഊഷ്മളമായ സൌഹൃദ ബന്ധം ആണുള്ളത്. ഇരു രാജ്യങ്ങളും ആഗോള തലത്തിലുള്ള വിശാലമായ തരത്തിലുള്ള വിഷയങ്ങളെ പൊതു വീക്ഷണം പങ്കു വയ്ക്കാറുമുണ്ട്. ഫ്രഞ്ച് വിദേശ മന്ത്രിയുടെ സന്ദർശനം ഇന്ത്യയിലെ പുതിയ നേതൃത്വവുമായി ബന്ധം സ്ഥാപിക്കുവാനും ഇന്തോ-ഫ്രഞ്ച് ബന്ധങ്ങളിലെ പങ്കാളിത്ത പ്രാധാന്യത്തെ ആവർത്തിച്ചു ഊന്നിപ്പറയാനുള്ള അവസരം നൽകാന് സഹായിക്കുകയും ചെയ്യും.

ശ്രീ ഫാബിയസിനോപ്പം ഒരു ഔദ്യോഗിക പ്രതിനിധിസംഘവും ഉണ്ടാകും. പ്രതിനിധി സംഘത്തോടൊപ്പം അദ്ദേഹം മുംബയ് സന്ദർശിക്കും